"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീമതി. നീതു രാജ് (D/o Late ശ്രീമതി. ഷീജ സി, ഫുൾ ടൈം സ്വീപ്പർ, ആർ.ബി വിഭാഗം, വിനോദ സഞ്ചാര വകുപ്പ്) ന് വിനോദ സഞ്ചാര വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള നിയമന അനുമതി ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2024/TSM തീയതി,തിരുവനന്തപുരം, 23-03-2024

---

പരാമർശം:-

1. 21.02.2019 ലെ സ.ഉ.(കൈ) നം. 1/2019/ടൂറിസം
2. 07.06.2021 ലെ സ.ഉ.(കൈ) നം. 12/2021/ഉ.ഭ.പ.വ
3. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 08.02.2024 ലെ DOT/13552/2023-E1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീമതി. നീതു രാജ് -ന് സമാശ്വാസ തൊഴിൽദാന പദ്ധതിയ്ക്ക് കീഴിൽ പരാമർശം (1) ഉത്തരവ് പ്രകാരം വിനോദ സഞ്ചാര വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് അനുമതി നൽകിയിരുന്നു. വിനോദ സഞ്ചാര വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനായി ഒഴിവ് നിലവിലില്ല എന്നും ഈ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം ശ്രീമതി. നീതു രാജ് മറ്റേതെങ്കിലും വകുപ്പിൽ നിയമനത്തിനു പരിഗണിക്കുന്നതിന് സമ്മതമാണെന്ന് അറിയിച്ച് കൊണ്ട് സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, ശ്രീമതി. നീതു രാജ്- ന്റെ അപേക്ഷ പരിഗണിച്ച് വിവിധ വകുപ്പുകൾക്ക് കീഴിൽ ക്ലാർക്ക് തസ്തികയിലെ നിയമനത്തിന് പരിഗണിക്കുന്നതിനു വേണ്ടി, ടിയാരിയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയ്ക്ക് കീഴിൽ വിനോദ സഞ്ചാര വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് അനുമതി നൽകി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ് , തിരുവനന്തപുരം
ശ്രീമതി. നീതു രാജ് (D/o Late ശ്രീമതി. ഷീജ സി, ചിത്തിര നിവാസ്, ആനത്തലവട്ടം പി.ഒ, കടയ്ക്കാവൂർ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/50/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 25-03-2024 11:00:04
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്